**HADIA CSE Khutba Notes (31.08.2018)**

# തവസ്സുലും ഇസ്തിഗാസയും

വലിയ ഒരു ദുരന്തത്തെ ഒരുമയോടെ നേരിട്ടതിന്റെ സായൂജ്യത്തിലാണ് നാം ഉള്ളത്. എന്നാൽ നമ്മുടെ നാട്ടിലെ യുക്തിവാദികളും ദൈവവിരോധികളും പ്രസ്തുത ദുരന്തത്തെ മതത്തെ പരിഹസിക്കാനാണ് ഉപയോഗപ്പെടുത്തിയതെന്നത് ആശ്ചര്യകരമാണ്. അതിനെക്കാളും സങ്കടകരം ചില പരിഷ്കരണവാദികൾ ഈ അവസരം മഹാന്മാരെയും ഔലിയാക്കളെയും കളിയാക്കാനും അവരുടെ വിശേഷസിദ്ധി നിഷേധിക്കാനും മുതലെടുത്തതാണ്. ഖബ്റിൽ കിടക്കുന്നവർക്കോ മറ്റോ വല്ല കഴിവും ഉണ്ടായിരുന്നുവെങ്കിൽ അവർ സഹായിക്കുമായിരുന്നല്ലോ. പിന്നെ എന്തിനാണ് നാം സിയാറത്തു നടത്തുകയും ആവലാതികൾ അവരുടെ മുന്നിൽ ബോധിപ്പിക്കുകയും ചെയ്യുന്നത്? അവർ ഉന്നയിക്കുന്ന ചോദ്യമിതാണ്.

വിഷയം നൂറ്റാണ്ടുകളായി ചർച്ച ചെയ്യപ്പെടുന്നതായതുകൊണ്ട് ആരോപണത്തിന്റെ നിജസ്ഥിതി വളരെ ചുരുങ്ങിയ വാക്കുകളിൽ നമുക്ക് വിശദീകരിക്കാം .

അടിസ്ഥാനപരമായി ഒരു ശരാശരി മുസ്‌ലിം വിശ്വസിക്കുന്നതും വിശ്വസിക്കേണ്ടതും എല്ലാ സിദ്ധികളും അല്ലാഹുവിന് അവകാശപ്പെട്ടതാണെന്നാണ് (ബഖറ 116, 255, 284). ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ് എന്ന പ്രശസ്തമായ ദിക്റിലൂടെ ഇക്കാര്യമാണ് നാം മന്ത്രിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ ഏത് ആവശ്യവും ആത്യന്തികമായി നാം ആവശ്യപ്പെടേണ്ടത് അല്ലാഹുവിനോടാണ്. ഖുർആൻ പ്രഖ്യാപിക്കുന്നു:

**إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ (الفاتحة)**

ഇവിടെ ഉദ്ധേശിക്കപ്പെടുന്നത് സാധാരണ സൃഷ്ടികൾക്ക് സാധിക്കാത്ത അഭൗതിക കാര്യങ്ങൾ മാത്രമാണെന്ന് ചിലർ വിചാരിച്ചിട്ടുണ്ട്. അഥവാ, അഭൗതിക കാര്യങ്ങളിൽ നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. അല്ലാത്ത കാര്യങ്ങളിൽ അല്ലാത്തവരോടും സഹായം ആവശ്യപ്പെടുന്നു. എന്നാൽ ലോകത്ത് വിരചിതമായ ഒറ്റ ആധികാരിക ഗ്രന്ഥങ്ങളിലും ഇത്തരം ഒരു പരാമർശം കാണാൻ കഴിയില്ല. പിന്നെ എന്താണ് അവയിലൊക്കെയും പറയുന്നത്?

**{ وإياك نستعين } أي منك نطلب المعونة على عبادتك <u>وعلى جميع أمورنا</u> (الخازن) معناه نطلب العون منك <u>في جميع أمورنا</u> (الثعالبي) أي نخصك بالعبادة من توحيد وغيره ونطلب المعونة على العبادة وغيرها (الجلالين) نَطْلُبُ مِنْكَ الْمَعُونَةَ عَلَى عِبَادَتِكَ وَعَلَى جَمِيعِ أُمُورِنَا (البغوي) على طاعتك وعلى أمورنا كلها (الدر المنثور) وإياك رَبنا نستعين على عبادتنا إيّاكَ وطاعتنا لك وفي أمورنا كلها -لا أحدًا سواك (الطبري)**

സമാനമായ പരാമർശങ്ങൾ തന്നെയാണ് മറ്റു ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലും കാണാൻ കഴിയുക. ചുരുക്കത്തിൽ നമ്മുടെ ആവശ്യങ്ങൾ ഭൗതികമോ അഭൗതികമോ ആവട്ടെ ആത്യന്തികമായി ആവശ്യപ്പെടേണ്ടതും പ്രാർത്ഥിക്കേണ്ടതും അല്ലാഹുവിനോട് മാത്രമാണ്. ഖുർആൻ നിരവധി സ്ഥലങ്ങളിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്.

**وَلَا تَدْعُ مِنْ دُونِ اللَّهِ مَا لَا يَنْفَعُكَ وَلَا يَضُرُّكَ فَإِنْ فَعَلْتَ فَإِنَّكَ إِذًا مِنَ الظَّالِمِين (يونس)**

എന്നാൽ അല്ലാഹുവിനോട് മാത്രമായി പ്രാർത്ഥിക്കുമ്പോൾ തന്നെ അത് പെട്ടെന്ന് സ്വീകരിക്കപ്പെടാനുള്ള വഴികളും ഉപായങ്ങളും സൃഷ്ടികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഉദാഹരണത്തിന് വിശിഷ്ട സമയങ്ങളിൽ പ്രാർത്ഥിക്കുക, വിശിഷ്ട സ്ഥലത്ത് വെച്ച് പ്രാർത്ഥിക്കുക, വിശിഷ്ട സന്ദർഭങ്ങളിൽ വെച്ച് പ്രാർത്ഥിക്കുക, സ്വലാത്ത് ചൊല്ലി പ്രാർത്ഥിക്കുക, ശരീര ശുദ്ധിയോടെയും ഖിബ്‌ലക്ക് മുന്നിട്ടും പ്രാർത്ഥിക്കുക. ഇതുപോലുള്ള രണ്ട് ഉപായങ്ങളാണ് നമ്മുടെ ആ

**HADIA CSE Khutba Notes (31.08.2018)**

# തവസ്സുലും ഇസ്തിഗാസയും

വശ്യം മഹാൻമാരെ കൊണ്ട് അല്ലാഹുവിനോട് ചോദിപ്പിക്കുകയും (ഇസ്തിഗാസ) നാം പ്രാർത്ഥിക്കുമ്പോൾ മഹാൻമാരെ ഇടയാളൻമാരാക്കുകയും (തവസ്സുൽ) ചെയ്യൽ.

പീഢനം അനുഭവിക്കേണ്ടി വന്നപ്പോൾ ഖബ്ബാബ് (റ) സ്വയം പ്രാർത്ഥിക്കുന്നതിനു പകരം പ്രവാചകരോട് (സ്വ) പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയാണല്ലോ ചെയ്തത്.

**عَنْ خَبَّابِ بْنِ الأَرَتِّ قَالَ شَكَوْنَا إِلَى رَسُولِ اللَّهِ - صلى الله عليه وسلم - وَهْوَ مُتَوَسِّدٌ بُرْدَةً لَهُ فِى ظِلِّ الْكَعْبَةِ فَقُلْنَا أَلاَ تَسْتَنْصِرُ لَنَا أَلاَ تَدْعُو لَنَا (بخاري)**

അതുപോലെ മദീനയിൽ ഒരു ക്ഷാമം അനുഭവപ്പെട്ടപ്പോൾ സ്വഹാബികൾ സ്വയം പ്രാർത്ഥിക്കുന്നതിനു പകരം പ്രവാചകരോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു.

**عن أنس بن مالك - رضي الله عنه - : قال «أَصابت الناسَ سَنَة على عهد رسول الله -صلى الله عليه وسلم- ، فبينما النبيُّ -صلى الله عليه وسلم- يخطب يوم الجمعة قام أعرابي ، فقال : يا رسول الله هلك المالُ ، وجاعَ العِيال ، فادْعُ الله لنا ، فرفع يديه ... فمُطرنا يومَنا ذلك ، ومن الغد، ومن بعد الغد ، والذي يليه ، حتى الجمعةِ الأخرى ... (بخاري)**

ചിലർ വിചാരിക്കാറുണ്ട്; ഖുർആനിൽ അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ,

**وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ (غافر) وَنَحْنُ أَقْرَبُ إِلَيْهِ مِنْ حَبْلِ الْوَرِيدِ (ق) أَلَيْسَ اللَّهُ بِكَافٍ عَبْدَه (الزمر).**

അതുകൊണ്ട് നേരിട്ട് പ്രാർത്ഥിച്ചാൽ പോരേ/ എന്തിനാണ് ഒരു ഇടയാളന്റെ ആവശ്യം? എന്നെല്ലാം. പ്രമാണങ്ങളെ സമഗ്രമായി വീക്ഷിക്കാത്തത് കൊണ്ടാണ് ഇത്തരം വിചാരങ്ങൾ കടന്നു വരുന്നത്. കാരണം ഇതേ ഖുർആനിൽ തന്നെ പാപം ചെയ്താൽ ഇസ്തിഗ്ഫാർ ചെയ്യുന്നതിന് പകരം ഓടിച്ചെന്ന് പ്രവാചകനോട് പരാതി പറയാൻ അല്ലാഹു പറഞ്ഞിട്ടുണ്ട്. അങ്ങനെ ചെയ്താൽ സ്വയം ഇസ്തിഗ്ഫാർ ചെയ്യുന്നതിനെക്കാൾ വേഗത്തിൽ പാപം പൊറുക്കപ്പെടുമെന്നും ഖുർആൻ പ്രഖ്യാപിക്കുന്നു.

**وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا (النساء)**

പാപങ്ങൾ പൊറുത്ത് തരേണ്ടത് അല്ലാഹു ആണെന്ന് അറിയാത്തവരില്ല (ആലു ഇംറാൻ 135, സുമർ 53). പക്ഷേ സൂറത്തുന്നിസാഇലൂടെ അല്ലാഹു പറയുന്നത് പാപങ്ങളെപ്പറ്റി പ്രവാചകനോട് പറയാനാണ്.

ചിലർ സംശയിക്കാറുള്ളത് ഇവയെല്ലാം ജീവിച്ചവരോടുള്ള സഹായാഭ്യാർത്ഥനയാണല്ലോ എന്നാണ്. ഈ സംശയത്തിന് പ്രസക്തിയില്ല. കാരണം, നേരത്തെ പറഞ്ഞ ആയത്തുകളുടെ വെളിച്ചത്തിൽ ഇടയാളൻമാരെ നിറുത്താൻ പറ്റില്ല എന്ന് പറയുകയാണെങ്കിൽ ജീവിച്ചവരെയും മരിച്ചവരെയും നിറുത്താൻ പാടില്ല. അല്ലാതെ മരിച്ചവരെപ്പറ്റി മാത്രമേ അതു ബാധകമാവൂ എന്ന് പറയാൻ പറ്റില്ല.

പുറമെ, മരിച്ചവരോടും സഹായാഭ്യാർത്ഥന നടത്തിയതിന്റെ നിരവധി തെളിവുകൾ നമ്മുടെ പ്രമാണങ്ങളിൽ പരന്ന് കിടക്കുകയാണ്. ചില ഉദാഹരണങ്ങൾ മാത്രം പറയാം:

**HADIA CSE Khutba Notes (31.08.2018)**

# തവസ്സുലും ഇസ്തിഗാസയും

1) യമാമ യുദ്ധത്തിൽ സ്വഹാബികളുടെ മുദ്രാവാക്യം 'യാ മുഹമ്മദാ' എന്നായിരുന്നു.

**وكان شعارهم يومئذ يا محمداه وجعل لا يبرز لهم أحد إلا قتله ولا يدنو منه شيء إلا أكله ودارت رحى المسلمين ثم اقترب من مسيلمة (البداية و النهاية)**

2) നേരത്തെ പറഞ്ഞ നിസാഅ് 64ലെ പരാതി പ്രവാചകന്റെ വഫാത്തിനു ശേഷവും ആകാമെന്ന് നിരവധി പണ്ഡിതൻമാർ പറഞ്ഞിട്ടുണ്ട്.

**روى أبو صادق عن علي قال : قدم علينا أعرابي بعدما دفنا رسول الله صلى الله عليه و سلم بثلاثة أيام فرمى بنفسه على قبر رسول الله صلى الله عليه و سلم وحثا على رأسه من ترابه فقال : قلت يا رسول الله فسمعنا قولك ووعيت عن الله فوعينا عنك وكان فيما أنزل الله عليك { ولو أنهم إذ ظلموا أنفسهم } الآية وقد ظلمت نفسي وجئتك تستغفر لي فنودي من القبر أنه قد غفر لك (تفسير القرطبي)**

3) അബൂബക്ർ (റ)വിന്റെ ഒരു കറാമത്ത്.

**أما أبو بكر رضي الله عنه فمن كراماته أنه لما حملت جنازته إلى باب قبر النبي صلى الله عليه وسلّم ونودي السلام عليك يا رسول الله هذا أبو بكر بالباب فإذا الباب قد انفتح وإذا بهاتف يهتف من القبر ادخلوا الحبيب إلى الحبيب (تفسير رازي)**

4) പല പണ്ഡിതൻമാരും സനദ് സ്വഹീഹാണെന്ന് രേഖപ്പെടുത്തിയ ഒരു സംഭവം.

**عن مالك قال اصاب الناس قحط في زمن عمر بن الخطاب فجاء رجل الى قبر النبي ( ص ) فقال يارسول الله استسق الله لامتك فانهم قد هلكوا فأتاه رسول الله ( ص ) في المنام فقال ايت عمر فاقره مني السلام واخبرهم انه مسقون وقل له عليك بالكيس الكيس فاتى الرجل فاخبر عمر فقال يارب ما آلوا الا ما عجزت عنه وهذا اسناد صحيح (البداية و النهاية)**

5) പ്രമുഖ സ്വഹാബി ഉഖ്ബത്തുബ്നു ആമിർ പ്രവാചകനോട് വഫാത്തിന് ശേഷം സഹായം അഭ്യാർത്ഥിക്കുകയുണ്ടായി.

**وقال الإمام النووي في (تهذيبه) في ترجمة (عقبة بن عامر) - رضي الله تعالى عنه -: شهد فتوح الشام، وكان البريد إلى عمر بن الخطاب - رضي الله تعالى عنه - بفتح دمشق، ووصل إلى المدينة في سبعة أيام، ورجع منها إلى الشام في يومين ونصف، بدعائه عند قبر النبي - صلى الله عليه وسلم - وتشفعه به في تقريب طريقه (سبل الهدي و الرشاد)**

ഒരു ചെറിയ പ്രഭാഷണം ആയതുകൊണ്ടു മാത്രമാണ് ചരിത്രങ്ങൾ ചുരുക്കിയത്. സമാനമായ നൂറു കണക്കിന് സംഭവങ്ങൾ ഗ്രന്ഥങ്ങളിൽ വേറെയുമുണ്ട്. മരണപ്പെട്ടു കഴിഞ്ഞാലും സഹായാഭ്യാർത്ഥന ആവാമെന്ന് ഇവയിൽ നിന്നെല്ലാം മനസ്സിലാവുന്നു.

പ്രാർത്ഥന സ്വീകരിക്കപ്പെടാനുള്ള വേറൊരു എളുപ്പമാർഗമാണ് മഹാൻമാരുടെ ഹഖ് കൊണ്ട് പ്രാർത്ഥിക്കുന്നത്. ഇത് മരണപ്പെട്ടവരുടെ ഹഖ് കൊണ്ടും ജീവിച്ചിരിക്കുന്നവരുടെ ഹഖ് കൊണ്ടും ആകാവുന്നതാണ്. രണ്ട് ഉദാഹരണങ്ങൾ നോക്കുക.

**HADIA CSE Khutba Notes (31.08.2018)**

# തവസ്സുലും ഇസ്തിഗാസയും

**عن عمر بن الخطاب رضي الله عنه قال : قال رسول الله صلى الله عليه و سلم : لما اقترف آدم الخطيئة قال يا رب أسألك بحق محمد لما غفرت لي ... (حاكم و قال صحيح الاسناد)**

**«أن رجلا ضرير البصر أَتى النبيَّ -صلى الله عليه وسلم- ، فقال : ادعُ اللهَ أَن يُعَافِيَني ، فقال : إِن شِئْتَ دعوتُ ، وإِنْ شِئْتَ صَبَرْتَ ، فهو خَيرٌ لك ، قال : فادعُهُ ، قال : فأَمرهُ أن يتوضأَ فَيُحْسِنَ الوُضوءَ ، ويدُعوَ بهذا الدعاء: اللَّهمَّ إِني أسألُك وأَتَوَجه إِليك بِنَبِيِّكَ محمدٍ : نبى الرحمة ، إني توَّجهتُ بك إِلى ربِّي في حاجتي هذه لِتُقْضَى لي ، اللَّهم فَشَفِّعْهُ فيَّ» (ترمذي)**

ചിലർ പറയാറുണ്ട്, ഒരുപാട് പ്രവാചകൻമാർ നേരത്തെ കടന്ന് പോയിട്ടുണ്ടല്ലോ. തിരുമേനി (സ്വ) അവരെ ഇടയാളൻമാരാക്കിയിട്ടുണ്ടോ? ഉണ്ടെന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നു. തന്റെ പോറ്റുമ്മക്ക് വേണ്ടി മരണാനന്തരം പ്രാർത്ഥിച്ചപ്പോൾ അവിടന്ന് പറഞ്ഞു:

**.... فلما بَلَغُوا اللَّحْدَ حَفَرَهُ رسول اللَّهِ صلى اللَّهُ عليه وسلم بيده وَأَخْرَجَ تُرَابَهُ بيده فلما فَرَغَ دخل رسول اللَّهِ صلى اللَّهُ عليه وسلم فَاضْطَجَعَ فيه ثُمَّ قال اللَّهُ الذي يُحْيِي وَيُمِيتُ وهو حَيٌّ لا يَمُوتُ أغفر لأُمِّي فَاطِمَةَ بنتِ أَسَدٍ ولَقِّنْهَا حُجَّتَها وَوَسِّعْ عليها مُدْخَلَهَا بِحَقِّ نَبِيِّكَ وَالأَنْبِيَاءِ الَّذِينَ من قَبْلِي فَإِنَّكَ أَرْحَمُ الرَّاحِمِينَ وَكَبَّرَ عليها أَرْبَعًا وأَدْخَلُوها اللَّحْدَ هو وَالْعَبَّاسُ وأبو بَكْرٍ الصِّدِّيقُ رضي اللّٰهُ عَنْهُمْ (طبراني)**

ഈ ഹദീസ് ബലഹീനമാണെന്ന് പല പണ്ഡിതൻമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. തവസ്സുൽ ശിർക്കിന്റെ പരിധിയിൽ വരില്ലെന്നതിന് ഇതു തന്നെ വലിയ തെളിവാണ്. കാരണം തവസ്സുലിനെ ശിർക്കായി പണ്ഡിതൻമാർ മനസ്സിലാക്കിയിരുന്നെങ്കിൽ ഈ ഹദീസ് മൗളൂഅ് ആണെന്ന് അവർ തറപ്പിച്ച് പറഞ്ഞേനെ. കാരണം വ്യക്തമായ ഒരു ശിർക്ക് ഉൾക്കൊള്ളുന്ന ഭാഗം ഒരു നിലക്കും ഹദീസുകളുടെ ഗണത്തിൽ പെടില്ല.

ചുരുക്കത്തിൽ, പ്രളയം പോലുള്ള ദുരന്തങ്ങൾ വരുമ്പോൾ കഴിഞ്ഞുപോയ മഹാൻമാരെ മുൻനിറുത്തി പ്രത്യേകം പ്രാർത്ഥന വർദ്ധിപ്പിക്കുകയാണ് വേണ്ടത്. അല്ലാതെ അവരെ തള്ളിക്കളയുകയല്ല.

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9496445823**